**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 510** **25-03-2025 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത വ്യവസായ മേഖലയുടെ ഉല്പാദന മൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയുടെ ഉല്പാദന മൂല്യം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പരമ്പരാഗത വ്യവസായ മേഖലയായ **കയർ** മേഖലയിൽ 2023-24 ൽ വിറ്റുവരവ് 91.06 കോടി രൂപയും 2024-25 ൽ 100.51 കോടി രൂപയും സംഭരണം യഥാക്രമം 108.14 കോടി രൂപയും 111.34 കോടി രൂപയും ആയിരുന്നു.<br><br>2023 വർഷത്തെ ഇക്കണോമിക് റിവ്യൂ റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങൾ അടിസ്ഥാനമാക്കി തയാറാക്കിയത് പ്രകാരം കേരളത്തിലെ **കൈത്തറി** മേഖലയുടെ ഉല്പാദനത്തിന്റെ മൂല്യം 257.3 കോടി രൂപയാണ്.<br><br>പരമ്പരാഗത **കശുവണ്ടി** വ്യവസായ മേഖലയിലെ കാപ്പക്സിന്റെ 2021-22 ലെ വിറ്റുവരവ് 63.15 കോടി രൂപയും 2022-23 ലേത് 53.87 കോടി രൂപയും 2023-24 ലേത് 54.37 കോടി രൂപയും 2024-25 ലേത് (19.03.2025 വരെ) 54കോടി രൂപയും ആണ്.<br><br>**കശുവണ്ടി വികസന** കോർപ്പറേഷന്റെ 2021-22 ലെ വിറ്റുവരവ് 114.82 കോടി രൂപയും 2022-23 ലേത് 93.49 കോടി രൂപയും 2023-24 ലേത് 129.84 കോടി രൂപയും 2024-25 ലേത് (പ്രൊവിഷണൽ) 154.99കോടി രൂപയും ആണ്.<br><br>**ഖാദി** മേഖലയിൽ പ്രതിമാസം യൂണിറ്റുകളിൽ നിന്നുള്ള നൂല്പ് നെയ്ത്ത് മേഖലയിലെ ഉല്പാദനത്തെ സംബന്ധിച്ചുള്ള പുരോഗതി റിപ്പോർട്ട് ജില്ലാതലത്തിൽ ക്രോഡീകരിച്ച് ഉല്പാദനമൂല്യം കണക്കാക്കി ഖാദി ഗ്രാമ വ്യവസായ കമ്മീഷന് നൽകി വരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഫെബ്രുവരി 2025 വരെയുള്ള തുണി ഉല്പാദനം 7.9 ലക്ഷം മീറ്റർ, വില 2664.3 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ, നൂൽക്കഴി 56.3 ലക്ഷം (എണ്ണം), വില 1361.2 ലക്ഷം രൂപ എന്നിങ്ങനെയാണ്.<br><br>മരപ്പണി, ഇരുമ്പ്പണി തുടങ്ങിയ പരമ്പരാഗതവും പരിശീലനവും സിദ്ധിച്ച തൊഴിലുകളിൽ പണിയെടുക്കുന്നവരുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് വേണ്ടി **കാഡ്കോ** ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് സർവ്വീസ് ആന്റ് സപ്ലൈ സ്കീം. S&SS പദ്ധതി മുഖേന 2024-25 സാമ്പത്തിക വർഷത്തിൽ 38 കോടി രൂപയുടെ ഉൽപാദനമൂല്യം കൈവരിച്ചിട്ടുണ്ട്.<br><br>**കരകൗശല വികസന കോർപ്പറേഷ**ന്റെ വില്പനശാലകൾ വഴി പ്രതിവർഷം 10 കോടിയോളം രൂപയുടെ വിപണനം നടക്കുന്നുണ്ട്.<br><br>കേരള സംസ്ഥാന കളിമൺ നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട് നടക്കുന്ന കളിമൺ ഉൽപ്പന്ന വിപണനം, 2021-22 ൽ വാങ്ങിയ വില 1,34,29O രൂപയും വിറ്റവില 1,54,180 രൂപയും 2022-23 ൽ യഥാക്രമം 12,98,407 രൂപ, 9,28,707 രൂപയും 2023-24 ൽ യഥാക്രമം 6,15,378 രൂപ, 8,20,575 രൂപയും 2024-25 ൽ 38,97,360 രൂപയും 52,42,130 രൂപയും ആയിരുന്നു. |
| (ബി) | പരമ്പരാഗത വ്യവസായ മേഖലയിൽ നിന്നുള്ള ഉല്പാദന മൂല്യം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത രംഗത്തെ സമഗ്രമായി പരിഷ്കരിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഉണ്ട്. കൈത്തറി മേഖലയിൽ നിന്നുള്ള ഉല്പാദന മൂല്യം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത രംഗത്തെ സമഗ്രമായി പരിഷ്കരിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പ്രധാന പദ്ധതിയാണ് 'കൈത്തറി സഹകരണ സംഘങ്ങളുടെ ആധുനിക വത്ക്കരണവും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും' എന്ന പദ്ധതി. ടി പദ്ധതിയിൽ, ഉല്പ്പാദന ക്ഷമത വർദ്ധിപ്പിക്കുക, നെയ്ത്തുകാരുടെ ജോലിയുടെ ആയാസം കുറയ്ക്കുക, നെയ്ത്ത് പ്രക്രിയ നവീകരിക്കുക എന്നിവയ്ക്കായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'ടെക്നോളജി അപ്ഗ്രഡേഷൻ'<br><br>പരമ്പരാഗത വ്യവസായമായ കയർ മേഖലയിൽ നിന്നുള്ള ഉൽപ്പാദന മൂല്യം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത രംഗത്തെ സമഗ്രമായി പരിഷ്കരിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനുമായി ഈ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി സർക്കാർ ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കയർ വ്യവസായ മേഖലയിൽ സ്ഥാപിക്കപ്പെട്ട ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഡിഫൈബറിംഗ് മെഷീൻ, |

ആട്ടോമാറ്റിക് ലൂം എന്നിവയുടെ ഫലപ്രദമായ വിനിയോഗ നടപടികൾ സ്വീകരിച്ചിട്ടുള്ളതും അവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം ഏറ്റെടുത്ത് നടത്തി ഉൽപ്പാദനക്ഷമത ഉറപ്പുവരുത്താനായി Kerala State Coir Machinery Manufacturing Company Ltd (KSCMMC)യെ ചുമതലപ്പെടുത്തിയിട്ടുള്ള തുമാണ്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി KSCMMC യ്ക്ക് ഈ സാമ്പത്തിക വർഷം 1.47 കോടി രൂപ അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. കൂടാതെ പരമ്പരാഗത കയർ വ്യവസായ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് വിപണിക്കനുയോജ്യമായ രീതിയിൽ രൂപ ഭേദങ്ങൾ സാധ്യമാക്കും വിധം നവീന ഡിസൈനിലുള്ള ഉൽപ്പാദനത്തിനായി പരമ്പരാഗത തൊഴിലാളികൾക്ക് പരിശീലന-നൈപുണ്യ വികസന പദ്ധതികളും KSCCമുഖാന്തിരം നടപ്പാക്കി വരുന്നുണ്ട്.

മാർക്കറ്റ് ഡിമാന്റുള്ള ഉൽപ്പന്നങ്ങളും ഡിസൈനുകളും രൂപകൽപ്പന ചെയ്യുന്നതിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ഭോപ്പാലുമായി കയർ കോർപ്പറേഷൻ കരാറിലേർപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിലൂടെ കൂടുതൽ ആകർഷമായതും വിദേശ വിപണിക്കനുസൃതമായ ഡിസൈനുകളിലുമുള്ള കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും സഹായകരമാകും.

പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കശുവണ്ടി സംസ്കരണശാലകൾ ഘട്ടം ഘട്ടമായി ആധുനികവൽകരിച്ച് നവീന യന്ത്രവത്കരണം നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്കരണശാലകളെ നവീകരിച്ച് തൊഴിലിടങ്ങളെ ആകർഷകമാക്കാനും പരിസ്ഥിതി സൗഹൃദമാക്കാനും, ഫാക്ടറിക്കകത്ത് പ്രത്യേകിച്ച് ഷെല്ലിംഗ് വിഭാഗത്തിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് ആരോഗ്യപരമായ തൊഴിൽ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാനും വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

കശുവണ്ടിപരിപ്പിന്റെ ഗുണമേന്മ ഉറപ്പുവരുത്തി വ്യത്യസ്തവും പുതിയതുമായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് ആഭ്യന്തരവും അന്താരാഷ്ട്ര വിപണിയിലെയും സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

നിലവിൽ കേരളത്തിൽ കശുവണ്ടിപരിപ്പിന്റെ ഗുണമേന്മയും രുചിയും ആഭ്യന്തര വിപണിയിലും ആഗോള വിപണിയിലും ആയതിന്റെ പ്രത്യേകത പ്രചരിപ്പിക്കാൻ കേരള കാഷ്യൂ/ കൊല്ലം കാഷ്യൂ എന്ന

നാമത്തിൽ ബ്രാൻഡിംഗ് ചെയ്ത് വിൽപന നടത്തും. ഇത് വഴി പരമ്പരാഗത രീതിയിൽ സംസ്കരിക്കുന്ന തോട്ടണ്ടിക്ക് ലഭിക്കേണ്ട മൂല്യം ഉയർത്തുന്നതിനും അത് വഴി മറ്റ് കശുവണ്ടിപരിപ്പിനെ അപേക്ഷിച്ച് ടി ഉത്പന്നത്തിനെ കൂടുതൽ വിലയ്ക്ക് വിൽക്കുവാനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

പരമ്പരാഗത രീതിയിൽ സംസ്കരണം നടത്തുന്നതിന്റെ ഭാഗമായുള്ള കശുവണ്ടി പരിപ്പിന്റെ മൂല്യങ്ങളെയും ഗുണമേന്മയും കുറിച്ച് പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി "GI Tagging" നടപ്പിലാക്കാനും ഇതുവഴി കേരളത്തിൽ പ്രത്യേകിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ പരമ്പരാഗത രീതിയിൽ ഉത്പാദിപ്പിക്കുന്ന കശുവണ്ടിപരിപ്പിന് ആകർഷണവും കമ്പോള നിലവാരവും ഉയർത്താൻ വേണ്ട നടപടിയും സ്വീകരിച്ച് വരുന്നു.

ഖാദി മേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് തൊഴിലവസരങ്ങൾ നിലനിർത്തുന്നതിനും ഖാദീബോർഡ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ചർക്കകളിൽ നവീകരണം നടത്തുന്നതിനായി IIT ചെന്നൈയുടെ കീഴിൽ Rutag-മായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും, ഖാദി സഹകരണ സംഘങ്ങൾക്ക്/സ്ഥാപന ങ്ങൾക്ക് ധനസഹായം എന്നിവയ്ക്കെല്ലാം തുക അനുവദിച്ചു വരുന്നു.

ഖാദി നൂല്പ്-നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ കെ.എസ്.സി.എം.എം.സി. നവീകരിച്ചു നൽകിയ ഡ്യൂവൽ ഡ്രിവൺ സംവിധാനമുള്ള ചർക്കകൾ പ്രവർത്തിപ്പിച്ചു വരുന്നു. ഖാദി തുണികളിൽ ഡിസൈനുകൾ എളുപ്പത്തിൽ തയ്യാറാക്കാൻ സഹായിക്കുന്ന ഹാൻഡ് ലൂം ഇലക്ട്രോണിക് ജക്കാർഡ് മെഷീൻ ഖാദി മേഖലയിൽ ആദ്യമായി പാപ്പിനിശ്ശേരി ഖാദി കേന്ദ്രത്തിൽ പ്രവർത്തനം തുടങ്ങി. ഖാദി മേഖലയിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്നായ സ്ലൈവറിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി ഏറ്റുകുടുക്ക പരുത്തി സംസ്കരണ കേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള പ്ലാന്റ് നിർമ്മിച്ച് പുതിയ കോമ്പർ മെഷീൻ വാങ്ങി പ്രവർത്തിപ്പിക്കുകയും

| | | | |
|---|---|---|---|
| | | | ചെയ്യതുവഴി ഗുണനിലവാരമുള്ള സ്ലൈവർ ഉല്പാദിപ്പിക്കുന്നതിനും സ്ലൈവർ ക്ഷാമം പരിഹരിക്കുന്നതിനും സാധിച്ചു.<br><br>കരകൗശല വികസന കോർപ്പറേഷൻ കേരളത്തിന്റെ തനതായ കരകൗശല ഉൽപ്പന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുവാനും അവ സംഭരിക്കുവാനും വിപണനം നടത്തുവാനും നടപടികൾ സ്വീകരിക്കുകയുണ്ടായി. പുതിയ ഉൽപ്പനങ്ങളുടെ ഡിസൈനുകൾ സൃഷ്ടിക്കുക, പുതിയ ഉൽപ്പന്നങ്ങളുടെ മാതൃകകൾ സൃഷ്ടിക്കുക, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുക എന്നീ പ്രവർത്തനങ്ങളും നടത്തി വരുന്നു. ഉൽപ്പന്ന വൈവിധ്യവത്കരണത്തിന്റെ ഭാഗമായി കേരളത്തിന്റെ തനതായ കലാരൂപങ്ങൾ, ഉൽപ്പന്നങ്ങൾ എന്നിവയുടെ സുവനീറുകൾ നിർമ്മിച്ച് അവ വിപണിയിൽ എത്തിക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നു.<br><br>കാഡ്കോയുടെ S&SS പദ്ധതി പ്രകാരം ധാരാളം തൊഴിലവസരങ്ങൾ മരപ്പണി, ഇരുമ്പുപണി തുടങ്ങിയ പരമ്പരാഗത തൊഴിലാളികൾക്ക് നൽകുന്നതിന് കഴിയുന്നുണ്ട്.<br><br>പരമ്പരാഗത കളിമൺ വ്യവസായ മേഖലയിൽ നിന്നുള്ള ഉത്പാദനമൂല്യം വർദ്ധിപ്പിക്കുന്നതിന് തൊഴിലാളികൾക്ക് വ്യക്തിഗത ഗ്രൂപ്പ് വായ്പകൾ കുറഞ്ഞപലിശ നിരക്കിൽ നൽകി വരുന്നു. പ്രാദേശിക ഉൽപന്നങ്ങളെ വിപുലമായ വിപണികളിൽ എത്തിക്കാൻ സഹായിക്കുന്ന മാർക്കറ്റിംഗ് പിന്തുണയും മൺപാത്ര വിപണനത്തിനായി ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതിനായി കോർപ്പറേഷൻ (KSPMMWDC) ഒരു ഓൺലൈൻ വിപണന പോർട്ടൽ, 'മൺകുരൽ' എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ കൂലിയും തുടർച്ചയായ തൊഴിലും ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലകൾ ഉൾപ്പെടെയുള്ള 87 തൊഴിൽ മേഖലകളെ 1948 - ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും ആയതിൽ 85 **തൊഴിൽ** മേഖലകളുടെ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് സർക്കാർ തലത്തിൽ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട് (https://lc.kerala.gov.in). മിനിമം വേതന കാലാവധി കഴിയുന്ന മുറയ്ക്ക് കാലോചിതമായി വേതനം പുതുക്കി നിശ്ചയിക്കാറുമുണ്ട്.<br><br>സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള 85 തൊഴിൽ മേഖലകൾക്ക് പുറമേ പരമ്പരാഗത തൊഴിൽ |

മേഖലകളായ കയർ, ഖാദി, കൈത്തറി, ഈറ്റ, ബീഡി ആൻ്റ് സിഗാർ, മത്സ്യം എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് വർഷത്തിൽ 100 ദിവസമെങ്കിലും നിശ്ചയിക്കപ്പെട്ട മിനിമം കൂലി വരുമാനമായി ലഭിക്കത്തക്കവിധത്തിൽ യഥാർത്ഥത്തിൽ ലഭിക്കുന്ന വരുമാനവുമായുള്ള അന്തരം കണക്കാക്കി കുറഞ്ഞത് 1,250/- രൂപ ഒരു തൊഴിലാളിക്ക് സാമ്പത്തിക സഹായമായി അനുവദിക്കുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള പരമ്പരാഗത തൊഴിൽ ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ മിനിമം വേതനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ വിവിധ മേഖലകൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തി മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പ വരുത്താറുണ്ട്. മിനിമം വേതന നിയമപ്രകാരം കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ, മിനിമം വേതനം ലഭ്യമാകുന്നില്ലായെന്നുള്ള പരാതികൾ ലഭിക്കുന്ന മുറയ്ക്കും ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.

**കൈത്തറി** മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ കൂലിയും തുടർച്ചയായ തൊഴിലും ലഭ്യമാക്കുന്നതിന് വേണ്ടി ഇൻകം സപ്പോർട്ട് സ്കീം, പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനവും, കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാകുന്നു.

**കയർ** മേഖലയിലെ തൊഴിലാളികൾക്ക് ന്യായമായ കൂലിയും തൊഴിലും നൽകുന്നതിന്റെ ഭാഗമായി കയർ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന ക്രയ വില സ്ഥിരതാ പദ്ധതി വിജയകരമായി തന്നെ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ ഈ സാമ്പത്തിക വർഷം നാളിതു വരെ 111.34 കോടി രൂപയുടെ കയറുൽപ്പന്നങ്ങൾ സംഭരിച്ചിട്ടുണ്ട്.

കൂടാതെ കയർ മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കയർ ഉൽപ്പന്നങ്ങളുടെ വിപണി കണ്ടെത്തുന്നതിന് കയർ കോർപ്പറേഷൻ വിദേശ/ ആഭ്യന്തര മാർക്കറ്റുകളിൽ നിരന്തര ഇടപെടലുകൾ നടത്തി വരുന്നുണ്ട്. ഇതുവഴി കയറുൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ലഭ്യമാക്കുന്നതിനും കഴിയുന്നുണ്ട്.

**കശുവണ്ടി** തൊഴിലാളികളുടെ മിനിമം വേജസ്സ് പുതുക്കി 09.02.2024 തീയതിയിൽ ഗവണ്മെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 23% കൂലി വർദ്ധനവ് ആണ് ഇപ്രകാരം 12.02.2024 മുതൽ നടപ്പാക്കിയിട്ടുള്ളത്. 2024-25 ൽ CAPEX ൽ 148 പ്രവൃത്തിദിനങ്ങളും KSCDC യിൽ 126 പ്രവൃത്തി ദിനങ്ങളും (19.03.2025 വരെ) നൽകുവാൻ സാധിച്ചു.

അഖിലേന്ത്യ **ഖാദി** ഗ്രാമ വ്യവസായ കമ്മീഷൻ പുറപ്പെടുവിക്കുന്ന കോസ്റ്റ് ചാർട്ടിനെ അടിസ്ഥാനമാക്കിയാണ് ഖാദി മേഖലയിൽ തൊഴിലാളികൾക്ക് കൂലി നിശ്ചയിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ഖാദി നൂല്പ് നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ ഉല്പാദനത്തിന് ആനുപാതികമായി പ്രോജക്ടിന്റെ വിറ്റുവരവിൽനിന്നും മാസ വേതനം നൽകി വരുന്നു. ടി കോസ്റ്റ് ചാർട്ട് കാലാനുസൃതമായി ഖാദി കമ്മീഷൻ പരിഷ്കരിച്ച് പുറപ്പെടുവിക്കുമെങ്കിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനത്തെക്കാൾ കുറവായ വേതനമാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. കോസ്റ്റ് ചാർട്ട് പ്രകാരം കഴി ഒന്നിന് 10 രൂപ നിരക്കിൽ തൊഴിലാളികൾക്ക് ലഭിക്കുമ്പോൾ ആയത് മിനിമം വേതനനിരക്കിൽ 14.90 രൂപയാണ്. ടി വ്യത്യാസവും 24 കഴി എടുക്കുമ്പോഴുള്ള ഒരു DA തുകയായ 132 രൂപയും ചേർന്നുള്ള തുകയാണ് ഇൻകം സപ്പോർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് അനുവദിച്ച് സംസ്ഥാന സർക്കാർ മിനിമം വേതനം ഉറപ്പാക്കുന്നത്. ടി വകയിൽ 2024-25 സാമ്പത്തിക വർഷം 35 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയത് ഉപയോഗിച്ച് 2024ജൂലൈ വരെയുള്ള കുടിശ്ശിക തുക തൊഴിലാളികൾക്ക് വിതരണം ചെയ്തു.

മിനിമം വേതനം കൂടാതെ ഇൻസെന്റീവ്, ഉത്സവബത്ത, ഹോളിഡേ വേജസ്സ്, ഇ.എസ്. ഐ, ക്ഷേമനിധി എന്നീ മറ്റ് ആനുകൂല്യങ്ങളും ടി തൊഴിലാളികൾക്ക് അനുവദിച്ച് അവരുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | **കരകൗശല** വികസന കോർപ്പറേഷന്റെ പൊതുസേവന കേന്ദ്രങ്ങൾ പ്രയോജന പ്പെടുത്തി തൊഴിൽ ചെയ്തു വരുന്ന കരകൗശല തൊഴിലാളികൾക്ക് ന്യായമായ കൂലിയും തുടർച്ചയായ തൊഴിലും ഉറപ്പു വരുത്തുന്നുണ്ട്. തൊഴിലാളികളിൽ നിന്നും കൂടുതൽ ഉൽപന്നങ്ങൾ കരകൗശല വികസന കോർപ്പറേഷൻ സംഭരിക്കുക വഴി അവർക്ക് ന്യായമായ കൂലിയും തൊഴിൽ തുടർച്ചയും ഉറപ്പാക്കുവാൻ സാധിക്കുന്നുണ്ട്.<br><br>കാഡ്കോയുടെ S&SS പദ്ധതി പ്രകാരം 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ഏകദേശം 264647 തൊഴിൽ ദിനങ്ങളും, ന്യായമായ കൂലിയും നൽകുന്നതിന് കാഡ്കോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ